2026
FEBRUARY
16
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# റോഡപകടത്തിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സ 'പിഎം രാഹത്' പദ്ധതിക്ക് തുടക്കം

**ന്യൂഡൽഹി:** റോഡപകടത്തിൽപ്പെടുന്നവരുടെ ആശുപത്രി പ്രവേശനവും ചികിത്സയും ഉറപ്പാക്കുന്ന പിഎം രാഹത് (പിഎം റോഡ് ആക്സിഡന്റ് വിക്ടിം ഹോസ്പിറ്റലൈസേഷൻ ആൻഡ് അഷേഡ് ട്രീറ്റ്മെന്റ്) പദ്ധതിയ്ക്ക് പ്രധാനമന്ത്രി അംഗീകാരം നൽകി. റോഡപകടത്തിന് ശേഷം ഉടനടി വൈദ്യസഹായം ലഭിക്കാത്തതു മൂലം ആർക്കും ജീവൻ നഷ്ടപ്പെടില്ലെന്ന് ഉറപ്പാക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് പദ്ധതിയെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കി.

ഇന്ത്യയിൽ റോഡപകടങ്ങൾ മൂലമുണ്ടാകുന്ന മരണനിരക്ക് വളരെ ഉയർന്ന തോതിലാണ് ഓരോവർഷവും രേഖപ്പെടുത്തുന്നത്. ഇതിൽ പലതും കൃത്യസമയത്ത് വൈദ്യസഹായം ലഭിച്ചാൽ തടയാവുന്നതാണ്. അപകടം സംഭവിച്ച് ആദ്യ മണിക്കൂറിനകം ആശുപത്രിയിലെത്തിച്ചാൽ റോഡപകട മരണങ്ങളിൽ 50 ശതമാനത്തോളം ഒഴിവാക്കാനാകുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. പിഎം രാഹത് പദ്ധതിയ്ക്ക് തുടക്കം കുറിച്ചതിലൂടെ ജീവൻ രക്ഷാ ഇടപെടലുകൾക്കും ആശുപത്രികളുടെ സാമ്പത്തിക അനിശ്ചിതത്വം ഒഴിവാക്കാനും അപകടത്തിൽപെടുന്നവർക്ക് ചിട്ടയായ അടിയന്തര പ്രതികരണ സംവിധാനം ഉറപ്പാക്കാനുമാണ് പ്രധാനമന്ത്രി മുൻഗണന നൽകിയിരിക്കുന്നത്. അടിയന്തര പ്രതികരണ പിന്തുണാ സംവിധാനമായ 112 ഹെൽപ്‌ലൈനുമായി സംയോജിപ്പിക്കുന്നത് അപകടത്തിൽപെടുന്നവർ നിർണ്ണായക മണിക്കൂറിൽ തന്നെ ആശുപത്രിയിൽ എത്തുന്നുവെന്ന് ഉറപ്പാക്കുന്നു. അപകടത്തിൽപ്പെട്ടവർക്കോ അവരെ സഹായിക്കുന്നവർക്കോ അപകടസ്ഥലത്തെ മറ്റാർക്കെങ്കിലുമോ 112 ഡയൽ ചെയ്ത് സമീപത്തെ ആശുപത്രി വിവരങ്ങൾ അറിയാനും ആംബുലൻസ് സഹായം അഭ്യർത്ഥിക്കാനുമാകും.

അടിയന്തര സേവന വിഭാഗങ്ങളുടെയും പൊലീസ് അധികാരികളുടെയും ആശുപത്രികളുടെയും ദ്രുതഗതിയിലെ ഏകോപനം ഇതിലൂടെ സാധ്യമാകുന്നു. പദ്ധതി പ്രകാരം ഏത് തരം റോഡിലുാകുന്ന അപകടമായാലും അപകടത്തിൽപെട്ട അർഹരായ ഓരോരുത്തരും അപകടമുായ തീയതി മുതൽ 7 ദിവസത്തേക്ക് 1.5 ലക്ഷം രൂപ വരെ പണരഹിത സൗജന്യ ചികിത്സയ്ക്ക് അർഹരായിരിക്കും. സംയോജിത ഡിജിറ്റൽ സംവിധാനത്തിലെ പൊലീസ് പരിശോധനയ്ക്ക് വിധേയമായി ജീവഹാനിക്ക് സാധ്യതയില്ലാത്ത കേസുകളിൽ 24 മണിക്കൂർ വരെയും ജീവഹാനിക്ക് സാധ്യതയുള്ള കേസുകളിൽ 48 മണിക്കൂർ വരെയും അടിയന്തര ചികിത്സ നൽകും. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ ഇലക്ട്രോണിക് ഡീറ്റെയിൽഡ് ആക്സിഡന്റ് റിപ്പോർട്ട് പ്ലാറ്റ്ഫോമിനെ ദേശീയ ആരോഗ്യ അതോറിറ്റിയുടെ ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റവുമായി സംയോജിപ്പിച്ച് സാങ്കേതിക ചട്ടക്കൂടിലൂടെയാണ് പിഎം രാഹത് പദ്ധതി നടപ്പാക്കുന്നത്.

അപകട റിപ്പോർട്ടിങ് മുതൽ ആശുപത്രി പ്രവേശനം, പൊലീസ് പരിശോധന, ചികിത്സ, ചികിത്സാ ആനുകൂല്യ തുകയുമായി ബന്ധപ്പെട്ട നടപടികൾ, അന്തിമ പണമിടപാട് എന്നീ ഘട്ടങ്ങൾ വരെ തടസരഹിത ഡിജിറ്റൽ നിർവഹണം ഈ സംയോജനത്തിലൂടെ സാധ്യമാക്കുന്നു. ജീവഹാനിക്ക് സാധ്യതയില്ലാത്ത കേസുകളിൽ 24 മണിക്കൂറിനകവും ജീവഹാനിക്ക് സാധ്യതയുള്ള കേസുകളിൽ 48 മണിക്കൂറിനകവും എന്നിങ്ങനെ കൃത്യമായ സമയപരിധിയ്ക്കകം പൊലീസ് സ്ഥിരീകരണം ആവശ്യമാണ്. ഇതിലൂടെ അടിയന്തര പരിചരണത്തിന് തടസമില്ലാതെത്തന്നെ ഉത്തരവാദിത്തം ഉറപ്പാക്കുന്നു.

ആശുപത്രികളുടെ തുക മോട്ടോർ വെഹിക്കിൾ ആക്സിഡന്റ് ഫിൽനിന്നാണ് നൽകുക. അപകടമുണ്ടാക്കിയ വാഹനത്തിന് ഇൻഷുറൻസുങ്കിൽ ഇൻഷുറൻസ് കമ്പനികളുടെ വിഹിതത്തിൽ നിന്ന് തുക ഈടാക്കും. ഇൻഷുറൻസ് ഇല്ലാത്ത വാഹനങ്ങളും 'ഹിറ്റ് ആൻഡ് റൺ' കേസുകളുമാണെങ്കിൽ കേന്ദ്ര സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്ന് തുക നൽകും. സംസ്ഥാന ആരോഗ്യ ഏജൻസി അംഗീകരിച്ച ആനുകൂല്യ അവകാശവാദങ്ങൾ 10 ദിവസത്തിനകം നൽകും. ജില്ലാ കലക്ടറുടെയോ ജില്ലാ മജിസ്ട്രേറ്റിന്റെയോ ഡെപ്യൂട്ടി കമ്മീഷണറുടെയോ അധ്യക്ഷതയിൽ ജില്ലാ റോഡ് സുരക്ഷാ സമിതി നാമനിർദേശം ചെയ്യുന്ന പരാതിപരിഹാര ഉദ്യോഗസ്ഥർ അപകടബാധിതരുടെ പരാതികൾ പരിഹരിക്കുന്നത് ജില്ലാതലത്തിൽ ഉത്തരവാദിത്തം ഉറപ്പാക്കുന്നു.

# നിർധന രോഗികൾക്ക് സൗജന്യ ഡയാലിസിസ് യൂണിറ്റുമായി വണ്ടർലാ

**കൊച്ചി:** വണ്ടർലാ ഹോളിഡേയ്സിന്റെ സിഎസ്ആർ പദ്ധതിയുടെ ഭാഗമായി നിർധനരായ വൃക്കരോഗികൾക്കായുള്ള അത്യാധുനിക ഡയാലിസിസ് യൂണിറ്റ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു.

മൂവാറ്റുപുഴ നിർമല സൊസൈറ്റി ഫോർ മെഡിക്കൽ കെയറുമായി സഹകരിച്ചാണ് സൗജന്യ ഡയാലിസിസ് സേവനം ലഭ്യമാക്കുന്നത്. മൂവാറ്റുപുഴ, കോതമംഗലം, തൊടുപുഴ മുനിസിപ്പാലിറ്റി പരിധിയിലുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് ആശ്വാസമാകുന്ന ഈ പദ്ധതി എറണാകുളം, ഇടുക്കി ജില്ലകളിലായി പ്രതിമാസം നൂറിലധികം രോഗികൾക്ക് ജീവിതത്തിലേക്ക് തിരിച്ചു വരാൻ ആവശ്യമായ ചികിത്സാ സഹായം വാഗ്ദാനം ചെയ്യുന്നു. ഏകദേശം 8 ലക്ഷം രൂപ ചെലവഴിച്ചാണ് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഡയാലിസിസ് യൂണിറ്റ് വണ്ടർലാ സജ്ജീകരിച്ചിരിക്കുന്നത്.

സാമൂഹിക ഉത്തരവാദിത്വം എന്നത് കേവലം ബിസിനസിനും വിനോദത്തിനും ഉപരിയാണ്. ചികിത്സാചെലവ് സാധാരണക്കാർക്ക് വലിയൊരു സാമ്പത്തിക ഭാരമായി മാറുന്ന ഈ കാലഘട്ടത്തിൽ, അവരുടെ ജീവിതത്തിലെ പ്രതിസന്ധികളിൽ കൂടെ നിൽക്കുക എന്നതാണ് വർലയുടേ ലക്ഷ്യമെന്ന് വർലാ ഹോളിഡേയ്സ് എക്സിക്യൂട്ടീവ് ചെയർമാൻ അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു. നിർമല സൊസൈറ്റിയുമായി കൈകോർത്തുള്ള ഈ പദ്ധതി, ഗ്രാമീണ തലത്തിൽ ഗുണമേന്മയുള്ള ആരോഗ്യസേവനം ഉറപ്പാക്കുന്നതിന് നിർണായകമായ പങ്ക് വഹിക്കും. മാസം തോറും നൂറിലധികം രോഗികൾക്ക് ഈ പദ്ധതിയിലൂടെ സൗജന്യ ഡയാലിസിസ് സേവനം ലഭ്യമാകുമെന്നും അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.

# 'സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട്സ് 2.0' യ്ക്ക് അംഗീകാരം

**ന്യൂഡൽഹി:** ഇന്ത്യയുടെ വളരുന്ന സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്ക് വലിയ കരുത്ത് പകർന്ന്, രാജ്യത്തെ സ്റ്റാർട്ടപ്പ് മേഖലയിലേക്ക് സംരംഭമൂലധനം സമാഹരിക്കുക എന്ന ലക്ഷ്യത്തോടെ 10,000 കോടി രൂപയുടെ 'സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട്സ് 2.0' സ്ഥാപിക്കുന്നതിന് കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി. ഇന്ത്യയുടെ സ്റ്റാർട്ടപ്പ് പ്രയാണത്തിന്റെ അടുത്ത ഘട്ടത്തിന് വേഗം പകരുന്നതിനായി, ദീർഘകാല ആഭ്യന്തര മൂലധനം സമാഹരിക്കുക, സംരംഭമൂലധന ആവാസവ്യവസ്ഥയ്ക്ക് കരുത്ത് പകരുക, രാജ്യത്തുടനീളമുള്ള നൂതന ആശയങ്ങളിൽ അധിഷ്ഠിതമായ സംരംഭകത്വത്തെ പിന്തുണയ്ക്കുക എന്നിവ ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.സ്റ്റാർട്ടപ്പ് ഇന്ത്യ ദൗത്യത്തിന് കീഴിൽ ആരംഭിച്ച 'സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട്സ് 2.0', ഇന്ത്യയെ ലോകത്തിലെ മുൻനിര സ്റ്റാർട്ടപ്പ് രാഷ്ട്രങ്ങളിലൊന്നാക്കി മാറ്റുന്നതിനായി കഴിഞ്ഞ ഒരു പതിറ്റാണ്ടായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയാണ്. 2016ൽ സ്റ്റാർട്ടപ്പ് ഇന്ത്യ ആരംഭിച്ചത് മുതൽ, രാജ്യത്തെ സ്റ്റാർട്ടപ്പ് മേഖലയിൽ അസാധാരണമായ മാറ്റങ്ങളാണ് ദൃശ്യമാകുന്നത്. അന്ന് 500ൽ താഴെ മാത്രമായിരുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം ഇന്ന് വ്യവസായ, ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പ് അംഗീകരിച്ച 2 ലക്ഷത്തിലധികം സ്റ്റാർട്ടപ്പുകളായി വളർന്നു. 2025ലാണ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന വാർഷിക സ്റ്റാർട്ടപ്പ് രജിസ്ട്രേഷൻ രേഖപ്പെടുത്തിയത്. ധനസഹായ വിടവുകൾ നികത്തുന്നതിനും സ്റ്റാർട്ടപ്പുകൾക്കായുള്ള ആഭ്യന്തര സംരംഭമൂലധന വിപണിക്ക് ഉത്തേജനം നൽകുന്നതിനുമായി 2016ൽ ആരംഭിച്ച 'ഫണ്ട് ഓഫ് ഫണ്ട്സ് ഫോർ സ്റ്റാർട്ടപ്പ്സി'ന്റെ (F-F-S 1.0) മികച്ച പ്രകടനത്തിന് പിന്നാലെയാണ് 'സ്റ്റാർട്ടപ്പ് ഇന്ത്യ FOF 2.0' വരുന്നത്.

എഫ്.എഫ്.എസ് 1.0 പദ്ധതിക്ക് കീഴിൽ, 10,000 കോടി രൂപയുടെ മുഴുവൻ തുകയും 145 ബദൽ നിക്ഷേപ ഫണ്ടുകൾക്കായി അനുവദിച്ചു. ഇത്തരം നിക്ഷേപ ഫണ്ടുകൾ വഴി രാജ്യത്തുടനീളമുള്ള 1,370ലധികം സ്റ്റാർട്ടപ്പുകളിലായി 25,500 കോടിയിലധികം രൂപയുടെ നിക്ഷേപം നടത്തിയിട്ടു്. കൃഷി, നിർമിതബുദ്ധി, റോബോട്ടിക്സ്, ഓട്ടോമോട്ടീവ്, ക്ലീൻ ടെക്, ഉപഭോക്തൃ ഉൽപ്പന്നങ്ങളും സേവനങ്ങളും, ഇകൊമേഴ്സ്, വിദ്യാഭ്യാസം, ഫിൻടെക്, ഭക്ഷണപാനീയങ്ങൾ, ആരോഗ്യ സംരക്ഷണം, നിർമാണം, ബഹിരാകാശ സാങ്കേതിക വിദ്യ, ജൈവസാങ്കേതികവിദ്യ തുടങ്ങിയ വിവിധ മേഖലകളിലാണ് ഈ നിക്ഷേപങ്ങൾ എത്തിയിരിക്കുന്നത്.

ആദ്യമായി സംരംഭകത്വത്തിലേക്ക് കടന്നുവരുന്നവരെ പരിപോഷിപ്പിക്കുന്നതിലും, സ്വകാര്യ മൂലധനം സമാഹരിക്കുന്നതിലും, ഇന്ത്യയിലെ സംരംഭമൂലധന ആവാസവ്യവസ്ഥയ്ക്ക് കരുത്തുറ്റ അടിത്തറ പാകുന്നതിലും എഫ്.എഫ്.എസ് 1.0 നിർണായക പങ്ക് വഹിച്ചു. ആദ്യ ഘട്ടം ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചതെങ്കിൽ, ഇന്ത്യൻ നവസംരംഭങ്ങളെ അടുത്ത തലത്തിലേക്ക് എത്തിക്കാനാണ് 'സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട്സ് 2.0' രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇന്ത്യയുടെ സാമ്പത്തിക പാത രൂപപ്പെടുത്തുന്നതിലും പരിവർത്തനാത്മക സ്വാധീനം ചെലുത്തുന്നതിലും 'സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട്സ് 2.0' നിർണായക പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



# ഇന്നത്തെ പരിപാടി

## കൊച്ചി

- **വെണ്ണല തൈക്കോട്ട് ശ്രീമഹാദേവ ക്ഷേത്രം :** വൈക്കം വിജയലക്ഷ്മി & ടീം അവതരിപ്പിക്കുന്ന ഗാനമേള – രാത്രി 7.30 മുതൽ.
- **തിരുനെട്ടൂർ മഹാദേവ ക്ഷേത്രം :** ശിവരാത്രി ആഘോഷം – പാലാ സൂപ്പർ ബീറ്റ്സിന്റെ ഗാനമേള – വൈകിട്ട് 7.30ന്.
- **ലുലു മാൾ :** ലുലു ഫ്ളവർ ഫെസ്റ്റ് – രാവിലെ 10ന്.
- **ഇടപ്പള്ളി ചങ്ങമ്പുഴ ഗ്രന്ഥശാല :** ടി വി ചന്ദ്രന്റെ ചലച്ചിത്രസപര്യയുടെ 50–ാം വർഷം, സ്വാഗതസംഘം രൂപീകരണം – വൈകിട്ട് 4ന്.

## കളമശേരി

- **കളമശേരി ചാക്കോളാസ് കൺവെൻഷൻ സെന്റർ:** എൻ.ഡി.എ. സംസ്ഥാന നേതൃ ക്യാമ്പ് – രാവിലെ 9ന്.

## ആലുവ

- **ആലുവ ജില്ലാ ആശുപത്രി:** ഹജ്ജ് വാക്സിനേഷൻ ക്യാമ്പ് – രാവിലെ 9ന്.

## തൃപ്പൂണിത്തുറ

- **കരിങ്ങാച്ചിറ സെന്റ് ജോർജ് യാക്കോബായ സുറിയാനി കത്തീഡ്രൽ:** വലിയ നോമ്പിന്റെ ആരംഭം കുറിച്ചു കൊണ്ടുള്ള ശുബ്ക്കോനോ ശുശ്രൂഷ – രാവിലെ 11ന്.

## പറവൂർ

- **പറവൂർ റെസ്റ്റ് ഹൗസ് ഹാൾ:** കെ.പി.എം.എസ്. പറവൂർ യൂണിയൻ വാർഷിക സമ്മേളനം – രാവിലെ 10ന്.
- **ചേന്ദമംഗലം പാലിയം പുതിയതൃക്കോവ് ക്ഷേത്രം:** വലിയ വിളക്ക് – ഡബിൾ തായമ്പക, നൃത്തനൃത്യങ്ങൾ, പള്ളിവേട്ട – വൈകിട്ട് 6ന്
- **പറവൂർ കാളികുളങ്ങര ക്ഷേത്രം:** വലിയവിളക്ക് മഹോത്സവം – തിരുവാതിര, ഭക്തഗാനസുധ, രാത്രി ഗാനമേള –വൈകിട്ട് 6ന്.
- **പറവൂർ തോന്ന്യകാവ് ശ്രീഭദ്രകാളി ക്ഷേത്രം:** ശ്രീഭദ്രകാളി ക്ഷേത്രോത്സവം – നൃത്തനൃത്യങ്ങൾ, ഗാനമേള – വൈകിട്ട് 7ന്.

## കോതമംഗലം

- **വാരപ്പെട്ടി പിടവൂർ :** പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നയിക്കുന്ന പുതുയുഗ യാത്രയുടെ പ്രചരണാർത്ഥം നടത്തുന്ന യുഡി എഫ് മണ്ഡലം തല സന്ദേശ യാത്ര ഉദ്ഘാടനം – രാവിലെ 8 ന്.
- **പല്ലാരിമംഗലം ദാറുൽ :** ഇസ്ലാം ജുമാ മസ്ജിദ് ഉദ്ഘാടനം – ഉച്ചകഴിഞ്ഞ് 3 ന്.

## മൂവാറ്റുപുഴ

- **നിർമല കോളേജ് തിയേറ്റർ:** മൂവാറ്റുപുഴ ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രാജ്യാന്തര ചലച്ചിത്ര മേള – രാവിലെ 9 മുതൽ .

# ക്രിസ്ത്യൻ ചർച്ച് ഫെഡറേഷൻ 18 ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** ഭാരതത്തിലെ വിവിധ ക്രൈസ്തവ സഭകളിലെ വിശ്വാസിക്കൂട്ടായ്മയായ ക്രിസ്ത്യൻ ചർച്ച് ഫെഡറേഷന്റെ (സി.സി.എഫ്) ഉദ്ഘാടനം ഫെബ്രുവരി 18, ബുധനാഴ്ച കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി നിർവ്വഹിക്കുമെന്ന് പ്രസിഡന്റ് അഡ്വ. റോയി വാരിക്കാട്ട്, ജനറൽ സെക്രട്ടറി ജോഷ്വാ മാത്യു, ട്രഷറർ ഡോ. റോബിൻ പി. മാത്യു എന്നിവർ അറിയിച്ചു. കോട്ടയം പബ്ലിക് ലൈബ്രറി ഹാളിൽ രാവിലെ 10 ന് നടക്കുന്ന സമ്മേളനത്തിൽ മലങ്കര യാക്കോബായ സുറിയാനി സഭ കോട്ടയം ഭദ്രാസനം മെത്രാപ്പോലീത്ത ഡോ. തോമസ് മാർ തിമോത്തിയോസ്, ക്നാനയ സമുദായം ആർച്ച് ബിഷപ്പ് കുര്യാക്കോസ് മാർ സേവറിയോസ് വലിയ മെത്രാപ്പോലീത്ത, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കോട്ടയം ഭദ്രാസനം മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിയസ് കോറോസ്, സി.എസ്. ഐ മധ്യകേരള മഹായിടവക അധ്യക്ഷൻ ഡോ. മലയിൽ സാബു കോശി ചെറിയാൻ എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തും. പ്രസിഡന്റ് അഡ്വ. റോയി വാരികാട്ട് അധ്യക്ഷത വഹിക്കും. സഭകളുടെ ഐക്യത്തിനും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന വിശ്വാസികൾക്ക് സഹായവും പിന്തുണയും നൽകുക, വീടുകളിൽ ഒറ്റപ്പെട്ടുകഴിയുന്ന വയോജനങ്ങൾക്ക് സഹായം നൽകുക, ന്യൂനപക്ഷ അവകാശങ്ങൾക്കായി പോരാടുക തുടങ്ങിയവയാണ് സംഘടനയുടെ ലക്ഷ്യങ്ങളെന്ന് ഭാരവാഹികൾ അറിയിച്ചു.

ഷൂട്ട് @ സൈറ്റ്



**ദർശന പുണ്യം തേടി....** *മഹാശിവരാത്രിയോടനുബന്ധിച്ചുള്ള ചടങ്ങുകൾക്കായി ആലുവ ശിവക്ഷേത്രത്തിൽ ഇന്നലെ രാത്രിയിൽ എത്തിയ ഭക്തർ.*

*ഫോട്ടോ– എ.എസ് സതീഷ്*

# ഹൃദ്രോഗ ചികിത്സയിൽ ഇമേജിങ്ങിന് നിർണായക സ്വാധീനമെന്ന് വിദഗ്ധർ

**തിരുവനന്തപുരം:** ഹൃദയ ചികിത്സയെ സഹായിക്കുന്ന സാങ്കേതിക ഉപകരണമെന്ന നിലയിൽ നിന്ന് ചികിത്സയുടെ ദിശ നിശ്ചയിക്കുന്ന പ്രധാന ഘടകമായി ഇമേജിങ്ങ് സാങ്കേതികവിദ്യ മാറിക്കഴിഞ്ഞെന്ന് ഇന്ത്യൻ അക്കാദമി ഓഫ് ഇക്കോകാർഡിയോഗ്രാഫി കേരള ചാപ്റ്ററിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് കൊണ്ട് പ്രസിഡന്റ് ഡോ. സുനിത വിശ്വനാഥൻ പറഞ്ഞു. ഇക്കോകാർഡിയോഗ്രാഫിയിലും മൾട്ടിമോഡാലിറ്റി ഇമേജിങ്ങിലും വലിയ പുരോഗതി ഉായി. ഹൃദയത്തെ സൂക്ഷ്മമായി ചിത്രീകരിച്ചും, പ്രവർത്തനം കൃത്യമായി അളന്നും, രോഗാവസ്ഥ മുൻകൂട്ടി നിർണ്ണയിച്ച്,

3ഡി ഇക്കോ, സി.ടി എന്നിവ എഐ വഴിയുള്ള വിശകലനം ചെയ്ത് കൃത്യതയേറിയ ചികിത്സ നടപ്പിലാക്കുന്ന യുഗമാണിത്, ഡോ. സുനിത വിശ്വനാഥൻ പറഞ്ഞു.എ.എ.ഇ ദേശീയ പ്രസിഡന്റ് ഡോ. ശന്തനു സെൻഗുപ്ത മുഖ്യപ്രഭാഷണം നടത്തി. ഓർഗനൈസിങ്ങ് ചെയർമാൻ ഡോ. എ. ജോർജ് കോശി, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. അരുൺ ഗോപാലകൃഷ്ണൻ, ഐ.എ.ഇ വൈസ് പ്രസിഡന്റും, സയന്റിഫിക് കമ്മിറ്റി ചെയർമാനുമായ ഡോ. സുൾഫിക്കർ അഹമ്മദ്, ഡോ. ബിനോ ബെഞ്ചമിൻ, ഡോ. അനിൽ ബാലചന്ദ്രൻ എന്നിവർ സംസാരിച്ചു. സമ്മേനത്തിന്റെ ഒന്നാം ദിവസം ട്രാൻസോഈസോഫേജിയൽ ഇക്കോ, ടി.ഇ.ഇ.ആർ മാർഗനിർദേശം, ടാവർ, വാൽവ് ഇടപെടലുകൾ എന്നിവയിൽ സിമുലേറ്റർ പരിശീലനം നടന്നു.റുമാറ്റിക് ഹൃദയരോഗം, ജന്മനായുള്ള ഹൃദയ വൈകല്യങ്ങൾ, കൃത്രിമ വാൽവ് പ്രശ്നങ്ങൾ, കാൻസർ ചികിത്സയിലുള്ള ഇമേജിങ്ങ് തുടങ്ങിയ വിഷയങ്ങളും ചർച്ചയായി.

പോയിന്റ് ഓഫ്കെയർ അൾട്രാസൗിന്റെ വിപുലമായ പ്രയോഗങ്ങളെപ്പറ്റി പ്രത്യേക പ്രഭാഷണവും നടന്നു. തിരുവനന്തപുരം ലെമൺ ട്രീ പ്രീമിയർ ഹോട്ടലിൽ ആരംഭിച്ച സമ്മേളനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധരാണ് പങ്കെടുത്തത്.




*ഇന്ത്യൻ അക്കാദമി ഓഫ് എക്കോകാർഡിയോഗ്രാഫി (ഐഎഇ) കേരള ചാപ്റ്ററിന്റെ വാർഷിക സമ്മേളനം ഐഎഇ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. സുനിത വിശ്വനാഥൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. എ ജോർജ്ജ് കോശി; ഡോ. സുൾഫിക്കർ അഹമ്മദ്, ഡോ.ശന്തനു സെൻഗുപ്ത, ഡോ. ബിനോ ബെഞ്ചമിൻ, ഡോ.അരുൺ ഗോപാലകൃഷ്ണൻ എന്നിവർ സമീപം.*

# തുടർഭരണം പിണറായി വിജയന്റെ വ്യാമോഹം: ജെ.എസ്.എസ്



ജെ.എസ്. എസ് എറണാകുളം ജില്ലാ സമ്മേളനം പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ അഡ്വ. എ. എൻ രാജൻ ബാബു ഉദ്ഘാടനം ചെയ്യുന്നു. മധു അയ്യമ്പിള്ളി, അഡ്വ. വി.കെ പ്രസാദ്, വി.കെ സുനിൽകുമാർ, കാട്ടുകുളം സലിം, മുഹമ്മദ് ഷിയാസ്, പി.സി ജയൻ, അഡ്വ. സഞ്ജിത് എന്നിവർ മുൻ നിരയിൽ.

**കൊച്ചി:** മൂന്നാം തുടർ ഭരണം എന്നത് മുഖ്യമന്ത്രി പിണറായി വിജയന്റെ നടക്കാത്ത സ്വപ്നമാണെന്നും പത്തു വർഷം പൂർത്തിയാക്കുന്ന ഇടതു ഭരണത്തെ ജനങ്ങൾ വെറുത്തുകഴിഞ്ഞുവെന്നതിന്റെ തെളിവാണ് തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിലെ യു.ഡി.എഫിന്റെ മുന്നേറ്റമെന്നും ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ അഡ്വ. എ. എൻ രാജൻ ബാബു പറഞ്ഞു. ജെ.എസ്.എസ് എറണാകുളം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ സമസ്തമേഖലകളും എൽഡിഎഫ് സർക്കാർ തകർത്ത് തരിപ്പണമാക്കി. കേരളത്തിൽ ഇനി യുഡിഎഫ് ഭരണം വരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്.

അത് പ്രാവർത്തികമാകുമെന്നും വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ 100 സീറ്റ് നേടി യുഡിഎഫ് അധികാരത്തിലെത്തുമെന്നും അഡ്വ. എ. എൻ രാജൻ ബാബു പറഞ്ഞു. ജില്ലാ പ്രസിഡന്റ് മധുഅയ്യമ്പിള്ളി അധ്യക്ഷത വഹിച്ചു. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അഡ്വ.സഞ്ജീവ് സോമരാജൻ ആമുഖപ്രഭാഷണം നടത്തി. അഡ്വ. സഞ്ജിത്, യുഡിഎഫ് ജില്ലാ ചെയർമാൻ ഡൊമിനിക് പ്രസന്റേഷൻ .ഡി.സി.സി പ്രസിഡന്റ് അഡ്വ. മുഹമ്മദ്ഷിയാസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി ജെ.എസ്. എസ് സംസ്ഥാന സെന്റർ അംഗം .അഡ്വ. കെ.വി ഭാസി, സംസ്ഥാന സെക്രട്ടറി കാട്ടുകുളം സലിം, സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി.ജയൻ, സെന്റർ അംഗം അഡ്വ.സുനിത കെ.വിനോദ്, ജില്ലാ സെക്രട്ടറി വി.കെ സുനിൽകുമാർ, കൈലാസ് റാവു, എം.ജി ചന്ദ്രബോസ്, ടി എം.വിനോദ് കുമാർ, എം.കെ.ബാഹുലേയൻ, രജീഷ്കുമാർ, ഗോപാലകൃഷ്ണൻ, ഈ.എം മുരുകൻ, എൻ.എസ്.രാജു തുടങ്ങിയവർ സംസാരിച്ചു.

# കെ.എം.എം കോളേജ്: വാക്കത്തോൺ സംഘടിപ്പിച്ചു

**കൊച്ചി :** കെ എം എം കോളേജ് ആർട്സ് ആൻഡ് സയൻസിലെ ഇലക്ടറൽ ക്ലബ്, എൻ.എസ്.എസ്., എൻ.സി.സി., ജില്ലാ ഭരണകൂടം എന്നിവർ ചേർന്ന് സ്വീപ് ന്റെ ഭാഗമായി വാക്കത്തോൺ സംഘടിപ്പിച്ചു. അസിസ്റ്റന്റ് കളക്ടറും സ്വീപ് നോഡൽ ഓഫീസറുമായ പാർവതി ഗോപകുമാർ ഫ്ളാഗ് ഓഫ് ചെയ്തു.കെ എം എം ഗ്രൂപ്പ് ചെയർമാൻ എ. എം. അബൂബക്കർ, പ്രിൻസിപ്പൽ ഡോ. സബ്ന ബക്കർ, സ്വീപ് അസിസ്റ്റന്റ് നോഡൽ ഓഫീസർ ജോസഫ് ആന്റണി ഹർട്ടിസ്, മാനേജർ ഡോ. ബെൻസീർ ഹുസൈൻ, വൈസ് പ്രിൻസിപ്പൽ ജാഫർ ജബ്ബാർ, പ്രോഗ്രാം കൺവീനർ അർജുൻ ഷാജി എന്നിവർ സംസാരിച്ചു.



കെ എം എം കോളേജ് ആർട്സ് ആൻഡ് സയൻസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വാക്കത്തോൺ അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ ഫൽഗ് ഓഫ് ചെയ്യുന്നു.

# പെപ്പർ ഫ്രൈ പുതിയ സ്റ്റോർ ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഫർണിച്ചർ, ഹോം ഡെക്കോർ ഇകോമഴ്സ് ബ്രാൻഡായ പെപ്പർഫ്രൈ തെക്കൻ ഇന്ത്യയിൽ സാന്നിധ്യം വർധിപ്പിച്ച് കേരളത്തിലെ പുതിയ സ്റ്റോർ പാലക്കാട് ഉദ്ഘാടനം ചെയ്തു. സ്റ്റേഡിയം ബൈപ്പാസ് റോഡിലെ എ ആന്റ് പി സെന്ററിൽ പ്രവർത്തനം ആരംഭിച്ച 900 ച.അടി വിസ്തീർണമുള്ള ഈ ഫ്രാഞ്ചൈസി സ്റ്റോർ തോമസ് അലക്സണ്ടാർ, ജോൺസൺ ഉക്കെൻ എന്നിവർ പങ്കാളിത്തത്തോടെ ആരംഭിച്ചതാണ്. 1000ത്തിലധികം ബ്രാൻഡുകളുടെ ഫർണിച്ചറും ഹോം ഡെക്കോർ ഉൽപ്പന്നങ്ങളും ഇവിടെ പ്രദർശിപ്പിക്കപ്പെടുന്നു. 90ത്തിലധികം നഗരങ്ങളിലായി 150ലധികം സ്റ്റോറുകൾ ഉള്ള പെപ്പർ ഫ്രൈയുടെ ലക്ഷ്യം വ്യക്തിഗത ഷോപ്പിംഗ് അനുഭവം വഴി, കേരളത്തിലെ ഹോം ആന്റ് ലിവിംഗ് വിപണിയിൽ കൂടുതൽ ഉപഭോക്താക്കളിലേക്കെത്തുകയെന്നതാണ്

# കെ.ജി.എം.ഒ.എ: ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ)എറണാകുളം ജില്ലാ പ്രസിഡന്റായി ഡോ. സുധാകര റെഡ്ഡിയും ജില്ലാ സെക്രട്ടറിയായി ഡോ. കാർത്തിക് ബാലചന്ദ്രനും വീും തിരഞ്ഞെടുക്കപ്പെട്ടു. ഡോ. സിസി തങ്കച്ചനാണ് ട്രഷറർ. ഡോ.അനിൽ ഡേവിസ് ആന്റണി, ഡോ ജിനു ആനി ജോസ്, ഡോ മിനു കൃഷ്ണൻ, ഡോ സുസ്മിത ബായ്, (വൈസ് പ്രസിഡന്റുമാർ), ഡോ.മീര അജയ്, ഡോ മുഹസിൻ എം.സാലി, ഡോ ഷാബ് ഷെറീഫ് (ജോയിന്റ് സെക്രട്ടറിമാർ), ഡോ. അഞ്ജു ഏഞ്ചൽ അലക്സ്, ഡോ. പി. വി രശ്മി ( വനിതാ വിഭാഗം) എന്നിവരാണ് മറ്റു ഭാരവാഹികൾ. ആലുവ ഐ.എം.എ പെരിയാർ ഹൗസിൽ നടന്ന വാർഷിക ജനറൽ ബോഡിയോഗത്തിലായിരുന്നു തിരഞ്ഞെടുപ്പ്. കെ.ജി.എം.ഒ.എ സംസ്ഥാന പ്രസിഡന്റ് ഡോ. പി. കെ സുനിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലാ ഭാരവാഹികളുടെ സ്ഥാനാരോഹണവും ചടങ്ങിൽ അദ്ദേഹം നിർവ്വഹിച്ചു. ചട്ടങ്ങൾ കാറ്റിൽ പറത്തിക്കൊുള്ള വി.ഐ.പി ഡ്യൂട്ടികൾ ജില്ലയിലെ രോഗീപരിചരണപ്രവർത്തനങ്ങളെ താറുമാറാക്കുന്നതായി എറണാകുളം ജില്ലാ പ്രസിഡന്റ് ഡോ. സുധാകര റെഡ്ഡി പറഞ്ഞു. മുൻ പ്രസിഡന്റ് ഡോ. സണ്ണി ഓരത്തേൽ, മിഡ് സോൺ വൈസ് പ്രസിഡന്റ് ഡോ.അൻസൽ നബി, മിഡ് സോൺ ജോയിന്റ്. സെക്രട്ടറി ഡോ ജിൽഷോ തുടങ്ങിയവർ സംസാരിച്ചു.


കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ) എറണാകുളം ജില്ലാ പ്രസിഡന്റ് ഡോ. സുധാകര റെഡ്ഡി


കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ) എറണാകുളം ജില്ലാ സെക്രട്ടറി ഡോ. കാർത്തിക് ബാലചന്ദ്രൻ


കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ(കെ.ജി.എം.ഒ.എ)എറണാകുളം ജില്ലാ ട്രഷറർ ഡോ. സിസി തങ്കച്ചൻ

# ക്രൂയിസ് കോമറേഡ് സാഹിത്യ പുരസ്ക്കാരം കെ.ആർ അജയന്


കെ.ആർ അജയൻ

**കൊച്ചി:** ക്രൂയിസ് കോമറേഡ് ഇന്റർനാഷണൽ വർഷംന്തോറും നൽകി വരുന്ന സാഹിത്യ പുരസ്ക്കാരത്തിന് യാത്രികനും മാധ്യമ പ്രവർത്തകനുമായ കെ.ആർ അജയൻ അർഹനായി. ഡോ. പ്രമോദ് പയ്യന്നൂർ, അനീഷ് രവി, മുരുകൻ കാട്ടാക്കട, ദീപ്തി വർമ്മ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്ക്കാര ജേതാവിനെ തിരഞ്ഞെടുത്തത്. 25,000 രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്ക്കാരം ഫെബ്രുവരി 22 ന് രാവിലെ 10 മണിക്ക് എറണാകുളം ഗ്രാന്റ് ഹോട്ടലിൽ നടക്കുന്ന കോൺക്ലേവിൽ പ്രൊഫ. ഗോപിനാഥ് മുതുകാട് സമ്മാനിക്കും. മുൻ വർഷത്തെ അവാർഡ് ജേതാവ് ജോൺ സാമുവൽ പ്രശസ്തി പത്രം കൈമാറും. ചലച്ചിത്ര, ടി.വി താരം അനീഷ് രവി അധ്യക്ഷത വഹിക്കും. കവി മുരുകൻ കാട്ടാക്കട, എഴുത്തുകാരൻ ടി.ജെ ജോസഫ്, റോയൽ കരീബിയൻ ക്രൂസ് പ്രതിനിധി കിരൺ പ്രകാശ് തുടങ്ങിയവർ ചടങ്ങിൽ വിശിഷ്ടാതിഥികളായിരിക്കും.

# മാജെസ്റ്റർ പുറത്തിറക്കി എം.ജി മോട്ടോർ ഇന്ത്യ




**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ ഡി+ സെഗ്മെന്റ് എസ്.യു.വിയായ മാജെസ്റ്റർ പുറത്തിറക്കി ജെ.എസ്.ഡബ്ല്യൂ എം.ജി മോട്ടോർ. 41,000 രൂപയ്ക്ക് വെബ്സൈറ്റ് വഴി ഏപ്രിലിൽ പ്രീറിസർവേഷൻ ആരംഭിക്കും. കാർ ഡെലിവറികൾ മെയ് മാസത്തിൽ ആരംഭിക്കും. വാഹനത്തിന്റെ വില ലോഞ്ച് ചെയ്യുന്നതിനൊപ്പം പ്രഖ്യാപിക്കും.

19 ഇഞ്ച് അലോയ് വീൽ, ലെവൽ 2 അഡാസ്, 10 ഓഫ് റോഡ് മോഡുകൾ, 12 സ്പീക്കർ മ്യൂസിക് സിസ്റ്റം എന്നിവ സവിശേഷതയാണ്. 2 ലിറ്റർ ടിൻ ടർബോ ഡീസൽ എൻജിനാണ് വാഹനത്തിനുള്ളത്. 8 സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ ഉള്ള വാഹനം 4*4 സിസ്റ്റം സ്റ്റാൻഡേർഡാണ്. ഭാരത് മൊബിലിറ്റി എക്സ്പോയിൽ പ്രദർശിപ്പിച്ച വാഹനത്തെയാണ് എം.ജി ഇപ്പോൾ വിപണിയിൽ എത്തിച്ചിരിക്കുന്നത്. ഇന്ത്യൻ റോഡുകൾക്ക് ഏറെ അനുയോജ്യമായ എംജിയുടെ ഏറ്റവും കരുത്തുറ്റതും ഈടുനിൽക്കുന്നതുമായ പ്രീമിയം എസ്യുവിയാണ് മാജെസ്റ്റർ.എംജി മാജസ്റ്ററിലൂടെ കരുത്തുറ്റതും, ആധുനിക സുഖസൗകര്യങ്ങളോട് കൂടിയതും മികച്ച എഞ്ചിനീയറിംഗ് വൈദഗ്ധ്യമുള്ളതുമായ ഒരു യഥാർത്ഥ എസ്യുവിയാണ് തങ്ങൾ പുറത്തിറക്കിയിരിക്കുന്നതെന്ന് ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ അനുരാഗ് മെഹ്റോത്ര പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കോട്ടയം മെഡിക്കൽ കോളേജിൽ 283.60 കോടി രൂപയുടെ പദ്ധതികൾ



**കോട്ടയം:** കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ 283.60 കോടി രൂപയുടെ പദ്ധതികൾ ഫെബ്രുവരി 16ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. കോട്ടയം മെഡിക്കൽ കോളേജിൽ വൻ വികസനമാണ് സാധ്യമാക്കിയതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. 1200 കോടി രൂപയുടെ വികസന പദ്ധതികളാണ് മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയത്. സംസ്ഥാനത്ത് ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമാക്കി. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ കോട്ടയം മെഡിക്കൽ കോളേജ് രാജ്യത്തിന് തന്നെ മാതൃകയായി. ഇന്ത്യയിൽ ആദ്യമായി ഒറ്റ ദിവസം ഹൃദയം, ശ്വാസകോശം, വൃക്ക എന്നിങ്ങനെ 3 പ്രധാന അവയവങ്ങൾ മാറ്റിവയ്ക്കുന്ന ആദ്യ സർക്കാർ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ് മാറി. ഡൽഹി എയിംസിന് ശേഷം സർക്കാർ മേഖലയിൽ ശ്വാസകോശം മാറ്റിവച്ചതും ആദ്യമായാണ്. ഹൃദയമാറ്റ ശസ്ത്രക്രിയയിൽ ദേശീയതലത്തിൽ അറിയപ്പെടുന്ന സ്ഥാപനം കൂടിയാണിത്. വികസനത്തിനൊപ്പം ചികിത്സയിലും മുന്നേറ്റം നടത്താൻ കോട്ടയം മെഡിക്കൽ കോളേജിനായതായും മന്ത്രി വ്യക്തമാക്കി. കിഫ്ബിയിലൂടെ 257 കോടി രൂപ ചെലവഴിച്ചാണ് 33,642 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ സർജിക്കൽ ബ്ലോക്ക് സജ്ജമാക്കിയത്. 526 കിടക്കകൾ, 44 ഐസിയു കിടക്കകൾ, 14 മോഡുലാർ ഓപ്പറേഷൻ തീയറ്റർ, 256 സ്ലൈസ് സിടി സ്കാൻ, 3 ടെസ്ല എംആർഐ , ആധുനിക ഡിജിറ്റൽ റേഡിയോഗ്രാഫി മെഷീൻ, ഫൽറോസ്കോപ്പി തുടങ്ങിയവ സജ്ജമാക്കി. അത്യാഹിത വിഭാഗത്തിന് പ്രത്യേകമായാണ് 1.23 കോടി രൂപ ചെലവിൽ പ്രധാന കവാടം നിർമ്മിച്ചത്. കേരളത്തിൽ ഏറ്റവും കൂടുതൽ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി ചെയ്യുന്ന ആശുപത്രിയായ കോട്ടയം മെഡിക്കൽ കോളേജിൽ കൂടുതൽ രോഗികൾക്ക് സഹായകരമാകാനാണ് 7.88 കോടി രൂപ ഉപയോഗിച്ച് രാമത്തെ കാത്ത്ലാബ് സ്ഥാപിച്ചത്. ഇലക്ട്രോ ഫിസിയോളജി, മൾട്ടി ഇമേജിംഗ് ഡിസ്‌പ്ലേ സൗകര്യങ്ങളുമുണ്ട്. 4.28 കോടി രൂപ മുടക്കിയാണ് കാൻസർ ബ്ലോക്കിൽ ആധുനിക 32 സ്ലൈസ് സിടി സ്കാൻ സജ്ജമാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ രാമത്തെ സ്കിൻ ബാങ്കാണ് കോട്ടയം മെഡിക്കൽ കോളേജിൽ സജ്ജമാക്കിയത്. പൊള്ളൽ ചികിത്സയുടെ നിലവാരം ഉയർത്താനും മരണനിരക്ക് കുറയ്ക്കാനും സാധിക്കും.

6 കോടി രൂപ ചെലവഴിച്ച് 4 നിലകളിലായി 5290 ച. മീ. വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണം പൂർത്തിയായി. ആകെ 5 ബ്ലോക്കുകളുള്ള കെട്ടിടത്തിന്റെ 2 ബ്ലോക്കുകളുടെ ആദ്യ 2 നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടു്.1.25 കോടി രൂപ ചെലഴിച്ച് പഴയ ഒ.പി. ബ്ലോക്കിലെ ഗ്രൗ ഫ്ളോർ നവീകരിച്ചു. 1.20 കോടി ചെലവഴിച്ച് ഗൈനക്കോളജി വിഭാഗത്തിൽ അമ്മയ്ക്കും കുഞ്ഞിനും ഒരുമിച്ച് പരിചരണം നൽകുന്ന മദർ ന്യൂബോൺ കെയർ യൂണിറ്റ് സജ്ജമാക്കി.മുലപ്പാൽ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ച് ആവശ്യമുള്ള കുഞ്ഞുങ്ങൾക്ക് നൽകുന്നതിനായി 64.2 ലക്ഷം ചെലവഴിച്ച് കോമ്പ്രിഹെൻസീവ് ലാക്ടേഷൻ മാനേജ്മെന്റ് സെന്റർ സജ്ജമാക്കി.

50 കുട്ടികളെ സംരക്ഷിക്കാനാകുന്ന അത്യാധുനിക സൗകര്യങ്ങളോടെയുള്ള ക്രഷ് 60 ലക്ഷം ചെലവഴിച്ചാണ് സജ്ജമാക്കിയത്. പുതിയ ടോയ്ലറ്റ് ബ്ലോക്ക് എബിസി ബ്ലോക്ക് 74ലക്ഷം, കാർഡിയാക് റീഹാബിലിറ്റേഷൻ യൂണിറ്റ് കാർഡിയോളജി ആൻഡ് കാർഡിയോതൊറാസിക് ബ്ലോക്ക് – 44ലക്ഷം, എക്കോ മെഷീൻ കാർഡിയോളജി വിഭാഗം – 37 ലക്ഷം, സിആം മെഷീൻ യൂറോളജി വിഭാഗം– 27 ലക്ഷം, വെന്റിലേറ്റർ– 83.42 ലക്ഷം എന്നിവയാണ് മറ്റ് വികസന പദ്ധതികൾ.

# മാഴ്സ് പെറ്റ് ന്യൂട്രീഷൻ ഇന്ത്യ മാനേജിംഗ് ഡയറക്ടറായി മനീഷ് സ്വാഗ് നിയമിതനായി



**കൊച്ചി:** പെറ്റ് ഫുഡ് ബ്രാൻഡുകളായ പെഡിഗ്രി, വിസ്കാസ്, ഷെബ തുടങ്ങിയവയുടെ നിർമാതാക്കളായ മാഴ്സ് ഇൻകോർപ്പറേറ്റഡിന്റെ ഇന്ത്യയിലെ പെറ്റ് ന്യൂട്രീഷൻ വിഭാഗത്തിന്റെ മാനേജിംഗ് ഡയറക്ടറായി മനീഷ് സ്യാഗിനെ നിയമിച്ചു. ലൻ ആസ്ഥാനമായി മാഴ്സ് പെറ്റ് ന്യൂട്രീഷന്റെ ഗ്ലോബൽ വൈസ് പ്രസിഡന്റ് എന്റർ പ്രൈസ് ട്രാൻസ്ഫോർമേഷൻ സ്ഥാനത്തേക്ക് മുൻ മാനേജിംഗ് ഡയറക്ടർ സലിൽ മൂർത്തിയും നിയമിതനായി.

2002ൽ പെഡിഗ്രി പുറത്തിറക്കിക്കൊാണ് മാഴ്സ് പെറ്റ് ന്യൂട്രീഷൻ ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചത്. 2007ൽ രാജ്യത്തെ ആദ്യത്തെ പെറ്റ് ഫുഡ് നിർമ്മാണ ശാല സ്ഥാപിച്ച് ഈ മേഖലയിൽ നിർണായകമായ ഒരു നാഴികക്കല്ല് പിന്നിട്ടു. ഇന്ത്യയിലെ സംഘടിത പെറ്റ് ഫുഡ് വിപണിയുടെ വളർച്ചയിൽ ഈ നീക്കം സുപ്രധാന പങ്കുവഹിച്ചു. ഇന്ന് രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് വളർത്തുമൃഗങ്ങൾക്കും അവയുടെ ഉടമകൾക്കും വിശ്വസനീയവും ഗുണമേന്മയുള്ളതുമായ ഉൽപന്നങ്ങൾ നൽകുന്നതിൽ കമ്പനി മുൻപന്തിയിലുണ്ട്.

# ബെന്റ്‌ലി സിസ്റ്റംസും തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിങ്ങും ധാരണാപത്രം ഒപ്പുവച്ചു




**കൊച്ചി:** അടിസ്ഥാന സൗകര്യ എഞ്ചിനീയറിങ് സോഫ്റ്റ്‌വെയർ രംഗത്തെ ആഗോള പ്രമുഖ സ്ഥാപനമായ ബെന്റ്‌ലി സിസ്റ്റംസും തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗും (സിഇടി) തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. ഡിജിറ്റൽ അടിസ്ഥാന സൗകര്യ വിദ്യാഭ്യാസവും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വ്യവസായോന്മുഖ കഴിവുകളും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സഹകരണം. ധാരണാപത്രത്തിന്റെ ഭാഗമായി സിഇടി ക്യാമ്പസിൽ 'സെന്റർ ഓഫ് ഇൻഫ്രാസ്ട്രക്ചർ ഇന്നവേഷൻ' സ്ഥാപിക്കും. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രായോഗിക പരിശീലനം, ഗവേഷണം, പ്രത്യേക പരിശീലന പരിപാടികൾ എന്നിവയ്ക്കായി പ്രത്യേക സൗകര്യം ഇവിടെ ഒരുക്കും. സുസ്ഥിര രൂപകൽപ്പന, ഡിജിറ്റൽ കൺസ്ട്രക്ഷൻ രീതികൾ, എഐയും ഡിജിറ്റൽ ടിിൻ സാങ്കേതികവിദ്യയും ഉപയോഗിച്ച ആസ്തി മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ബെന്റ്‌ലിയുടെ മൈക്രോസ്റ്റേഷൻ, ഓപ്പൺറോഡ്സ്, ഓപ്പൺഫ്ളോവ്സ് തുടങ്ങിയ പ്രമുഖ സോഫ്റ്റ്‌വെയറുകൾ വിദ്യാർത്ഥികൾക്ക് നേരിട്ട് ഉപയോഗിച്ച് പഠിക്കാനുള്ള അവസരം ലഭിക്കും.

കൂടാതെ ബെന്റ്‌ലി എഡ്യുക്കേഷൻ പ്ലാറ്റ്ഫോം മുഖേന സർട്ടിഫിക്കേഷൻ, പ്രോജക്ട് അധിഷ്ഠിത പരിശീലനം തുടങ്ങിയവയും ലഭ്യമാക്കും. ഇന്ത്യയിലെ അടുത്ത തലമുറ അടിസ്ഥാന സൗകര്യ വിദഗ്ധരെ വളർത്തിയെടുക്കുന്നതിൽ തങ്ങൾ പ്രതിബദ്ധരാണെന്നും സിഇടിയുമായുള്ള സഹകരണം ഡിജിറ്റൽ പഠനവും ഗവേഷണവും ശക്തിപ്പെടുത്തുമെന്നും ബെന്റ്‌ലി സൗത്ത് ഏഷ്യ റീജിയണൽ എക്സിക്യൂട്ടീവ് കമലാകണ്ണൻ തിരുവാടി പറഞ്ഞു.

# ഫെഡറൽ സ്കിൽ അക്കാദമിയിൽ പൂർവ വിദ്യാർത്ഥി സംഗമം

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ സിഎസ്ആർ വിഭാഗമായ ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നൈപുണ്യവികസന സംരംഭമായ ഫെഡറൽ സ്കിൽ അക്കാദമിയുടെ കൊച്ചി കേന്ദ്രത്തിൽ പൂർവ വിദ്യാർത്ഥി സംഗമം നടത്തി. ഫെഡറൽ ബാങ്ക് സിഎസ്ആർ മേധാവിയും വൈസ് പ്രസിഡന്റുമായ ഷാജി കെ വി സംഗമം ഉദ്ഘാടനം ചെയ്തു. എസ്ബി ഗ്ലോബൽ എജ്യുക്കേഷണൽ റിസോഴ്സസ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ കെ വി വിനയരാജൻ അധ്യക്ഷത വഹിച്ചു. കേന്ദ്രത്തിൽനിന്നു പരിശീലനം പൂർത്തീകരിച്ച ഇരുനൂറോളം വിദ്യാർത്ഥികൾക്കു പുറമെ, ബാങ്കിങ് പ്രൊഫഷണൽസും ഇൻഡസ്ട്രി ലീഡേഴ്സും മറ്റും ചടങ്ങിൽ പങ്കെടുത്തു.

അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൈപുണ്യപരിശീലനം നൽകി സംരംഭകമേഖലയിൽ ശാക്തീകരിക്കുക എന്നതാണ് ഫെഡറൽ സ്കിൽ അക്കാദമിയിലൂടെ ലക്ഷ്യമിടുന്നത്. നൈപുണ്യവികസനം ഉറപ്പാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും പ്രാദേശിക സമ്പദ്ഘടനയെ വളർത്തുന്നതിലും ഇത്തരം കേന്ദ്രങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. 2015ൽ കൊച്ചിയിൽ ആരംഭിച്ച ഫെഡറൽ സ്കിൽ അക്കാദമി പിന്നീട് കോയമ്പത്തൂർ, കോലാപൂർ, ചെന്നൈ, വിജയവാഡ, ബെലഗാവി എന്നിവിടങ്ങളിലും ആരംഭിച്ചു.

# ജി ടെക് മാരത്തൺ: സോനു യാദവും ചന്ദ്രവന്ദി കുമാരിയും ജേതാക്കൾ

**കൊച്ചി:** ലഹരിവിരുദ്ധ ബോധവൽക്കരണം ലക്ഷ്യമിട്ട് കേരളത്തിലെ ഐടികമ്പനികളുടെ കൂട്ടായ്മയായ ഗ്രൂപ്പ് ഓഫ് ടെക്നോളജീസ് (ജി ടെക്) ഇൻഫോപാർക്ക് ക്യാംപസിൽ സംഘടിപ്പിച്ച നാലാമത് മാരത്തണിന്റെ പുരുഷവിഭാഗം ഹാഫ് മാരത്തണിൽ ജയ്പൂർ സ്വദേശി സോ നു യാദവും വനിതാ വിഭാഗം ഹാഫ് മാരത്തണിൽ ബീഹാർ നവാഡ സ്വദേശിനി ചന്ദ്രവന്ദി കുമാരിയും ജേതാക്കളായി. എയർഫോഴ്സ് ഉദ്യോഗസ്ഥനായ സോനു യാദവ് 1 മണിക്കൂർ 18 മിനിറ്റ് 44 സെക്കൻഡിലാണ് ഫിനിഷ് ചെയ്തത്. കൊൽക്കത്ത മാരത്തണിൽ ഉൾപ്പെടെ പങ്കെടുത്തിട്ടുള്ള താരം ഇതാദ്യമായാണ് കേരളത്തിൽ മാരത്തൺ ഓടുന്നത്. 4 വർഷമായി ദീർഘദൂര മാരത്തണുകളിൽ സ്ഥിരസാന്നിധ്യമായ സോനു യാദവ് നിരവധി മെഡലുകൾ കരസ്ഥമാക്കിയിട്ടുണ്ട് 2 മണിക്കൂർ 8 മിനിറ്റ് 7 സെക്കൻഡിലാണ് ചന്ദ്രവന്ദി കുമാരി ഹാഫ് മാരത്തൺ പൂർത്തിയാക്കിയത്.

കസ്റ്റംസ് വകുപ്പിൽ ഉദ്യോഗസ്ഥനായ സന്ദീപ കുമാർ വർമയുടെ ഭാര്യയാണ് ചന്ദ്രവന്ദി കുമാരി. കൊച്ചിയിൽ നടന്ന നമ്മുടെ റൺ മാരത്തൺ, സ്പൈസ് കോസ്റ്റ് മാരത്തൺ എന്നിവയിൽ യഥാക്രമം ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടിയിട്ടുണ്ട്.

പുരുഷ വിഭാഗം ഹാഫ് മാരത്തണിൽ മലയാളിയായ ഇടുക്കി വെള്ളാരംകുന്ന് സ്വദേശി സജിത്ത് കെ എം (01:20:08) രാം സ്ഥാനവും ആഗ്ര സ്വദേശി രോഹിത് ഗുർജാർ (01:23:21) മൂന്നാം സ്ഥാനവും നേടി. വനിതാ വിഭാഗം ഹാഫ് മാരത്തണിൽ ചോറ്റാനിക്കര സ്വദേശിനി ശ്രീപ്രിയ എം വി (02:09:09) രണ്ടാം സ്ഥാനവും രമ്യ ടി (02:12:33) മൂന്നാം സ്ഥാനവും നേടി. വിജയികൾക്കുള്ള മെഡലുകൾ കൊച്ചി മേയർ വി കെ മിനിമോൾ, ജി ടെക് ചെയർമാൻ വി കെ മാത്യൂസ്, ലിറ്റിമസ് 7 സിഇഒ വേണു ഗോപാലകൃഷ്ണൻ, ചലച്ചിത്രതാരം അദിതി രവി എന്നിവർ വിതരണം ചെയ്തു. 21.1 കിലോമീറ്റർ ഹാഫ് മാരത്തൺ, 10 കിലോമീറ്റർ മാരത്തൺ, 3 കിലോമീറ്റർ റൺ എന്നിങ്ങനെയാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്.




*ഇൻഫോപാർക്ക് ക്യാംപസിൽ സംഘടിപ്പിച്ച നാലാമത് ജി ടെക് മാരത്തൺ 21.1 കിലോമീറ്റർ പുരുഷവിഭാഗത്തിൽ ജേതാക്കളായ സോനു യാദവ് (ഒന്നാം സ്ഥാനം ) സജിത്ത് കെ എം (രണ്ടാം സ്ഥാനം), രോഹിത് ഗുർജാർ (മൂന്നാം സ്ഥാനം) എന്നിവർ ട്രോഫിയുമായി.*

കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ഐടി പ്രൊഫഷണലുകൾ, ഫിറ്റ്നസ് മേഖലയിൽ പ്രവർത്തിക്കുന്നവർ എന്നിങ്ങനെ പതിനായിരത്തിലധികം ആളുകൾ മാരത്തണിൽ പങ്കെടുത്തു. മത്സരാർഥികളിൽ 33 ശതമാനവും സ്ത്രീകളാണ്. 'നോ ടു ഡ്രഗ്സ്, യെസ് ടു ഫിറ്റ്നസ്' (ലഹരി ഉപേക്ഷിക്കൂ, ശാരീരികക്ഷമത നേടൂ) എന്നതാണ് ഇത്തവണത്തെ മാരത്തണിന്റെ പ്രമേയം. പ്രമുഖ ഡിജിറ്റൽ സേവനദാതാക്കളായ ലിറ്റിമസ് സെവനുമായി സഹകരിച്ചാണ് സംസ്ഥാനത്തെ ഏറ്റവും വലിയ മാരത്തൺ ഇൻഫോപാർക്കിൽ സംഘടിപ്പിച്ചത്.

# ഡിജിറ്റൽ ഫാഷനും വെർച്വൽ ഇൻഫ്ളുവൻസർ മാർക്കറ്റിംഗും: ഒരു പുതിയ ഫാഷൻ യുഗം

ഇ.വി ആവണി

**ജീ**വനില്ലാത്ത ഒരു വസ്തുവിന് നമ്മളെ സ്വാധീനിക്കാൻ കഴിയുമോ, എന്നാൽ ഇന്ന് അതിനും കഴിയും. നമ്മളുടെ ഫാഷൻ സങ്കൽപ്പങ്ങളെ മാറ്റിമറിക്കാൻ ഡിജിറ്റൽ ഫാഷനുകൾക്ക് സാധിക്കുന്നതാണ്. പ്രിന്റ് മീഡിയയിലൂടെയാണ് ഫാഷൻ കമ്മ്യൂണിക്കേഷൻ ആരംഭിച്ചതെങ്കിൽ ഇന്ന് അത് പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് മാറിയിരിക്കുകയാണ്. സാങ്കേതിക വിദ്യയുടെ വികസനത്തിനനുസരിച്ച് പുതിയ ട്രെൻഡുകൾ ഉാവുകയും ആളുകളുടെ ഉപയോഗശീലങ്ങൾ മാറുകയും ചെയ്യുന്നത് നാം ദിവസേനേ കാണുന്നതാണ്. ഈ ഒരു മാറ്റങ്ങളുടെ പശ്ചാത്തലത്തിലാണ് ഡിജിറ്റൽ ഫാഷൻ എന്ന പുതിയ ലോകം രൂപംകൊത്.

ഗുച്ചി, ബലെൻസിയാഗ, നൈക്ക് പോലുള്ള ആഗോള ബ്രാൻഡുകൾ ഈ മേഖലയിലേക്ക് വളരെ മുൻപേ തന്നെ കടന്നുവന്നിട്ടു്. ഇവരുടെ ഡിജിറ്റൽ വസ്ത്രങ്ങൾ സോഷ്യൽ മീഡിയയിൽ വൻ സ്വാധീനം ചെലുത്തുന്നതിനോടൊപ്പം വെർച്വൽ ഇൻഫ്ളുവൻസർമാർ ഫാഷൻ മാർക്കറ്റിംഗിൽ വലിയ മാറ്റം സൃഷ്ടിക്കുന്നുന്നെ കമന്റുകളും വരുന്നു. ലിൽ മിക്വേല അല്ലെങ്കിൽ ഷുഡു പോലെയുള്ള ഈ ഡിജിറ്റൽ കഥാപാത്രങ്ങൾ സോഷ്യൽ മീഡിയയിൽ യഥാർത്ഥ മോഡലുകളെപ്പോലെ പെരുമാറുന്നു. ബ്രാൻഡ് ക്യാംപെയ്നുകളിൽ പങ്കെടുക്കുകയും ഡിജിറ്റൽ ഇവന്റുകളിൽ പ്രത്യക്ഷപ്പെടുകയു ം ഉൽപ്പന്നങ്ങൾ പ്രമോട്ട് ചെയ്യുകയും ചെയ്യുന്നു. ഇവരെ ബ്രാൻഡുകൾ ആശ്രയിക്കുന്നതിനുള്ള പ്രധാന കാരണം, ഇവരുടെ ഇഷ്ടപ്രകാരം പൂർണ്ണമായി നിയന്ത്രിക്കാനാവുക എന്നതാണ്. ഇഷ്ടമുള്ള സ്റ്റൈലിൽ ഉടൻ മാറ്റം വരുത്താം, മാത്രമല്ല ചെലവും കുറവാണ്! ഡിജിറ്റൽ ഫാഷനും വെർച്വൽ ഇൻഫ്ളുവൻസർമാരും ചേർന്നപ്പോൾ പുതിയ ട്രെൻഡുകളുടെ രീതി തന്നെ മാറിക്കൊിരിക്കുകയാണ്. പല പ്രമുഖ ബ്രാൻഡുകളും ആധുനികസാങ്കേതികവിദ്യയുടെ സഹായത്താൽ ഗുണനിലവാരവും ഉറപ്പ് വരുത്തിയതിനു ശേഷം വസ്ത്രങ്ങൾ നിർമ്മിക്കുന്നു. അതോടൊപ്പം സമയവും പണവും ലാഭിക്കുവാൻ സഹായിക്കുന്നു.



## ഫാഷൻ മാർക്കറ്റിങ്ങിന്റെ പരിണാമം

ഫാഷൻ ഓരോ കാലഘട്ടത്തും മാറുന്നതിനനുസരിച്ച് അത് ഒരു വലിയ കാഴ്ച്ചകാരിലേക്കെത്തിക്കുവാൻ ഓരോ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്. ആദ്യം ബ്രാൻഡുകൾ ഉപയോഗിച്ചിരുന്നത് മാഗസിൻ പരസ്യങ്ങളും പ്രിന്റ് ആഡ്സുകളു മായിരുന്നു. പിന്നീട് സോഷ്യൽ മീഡിയ വളരുന്നതിനനു സരിച്ച് മാർക്കറ്റ് ചെയ്യാൻ ഉപയോഗിക്കുന്ന തന്ത്രങ്ങളു ം മാറുകയായിരുന്നു. പുതിയൊരു ഫാഷൻ ട്രൻഡായി മാറുക എന്നതാണ് ഇപ്പോൾ ഓരോ ബിസിനസുകാരുടെ ലക്ഷ്യം. മാർക്കറ്റ് ചെയ്യാൻ സോഷ്യൻ മീഡിയ ഇൻഫ്ളുവൻസർമാരുടെ കൈകളിലേക്കു മാറി. ഇൻസ്റ്റാഗ്രം, ടിക്ക്ടോക്ക്, യൂ ട്യൂബ് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വന്നതോടെ ഫാഷൻ കന്റുകൾ വേഗത്തിൽ പ്രചരിക്കാനും, വളരാനും കൂടാതെ ഒരു ട്രൻഡായി വികസിക്കാനും തുടങ്ങി. ചിലർ അവർ ഇഷ്ടപ്പെടുന്ന ഇൻഫ്ളുവൻസർമാരുടെ ലൈഫ് സ്റ്റൈൽ അറിയാനും അത് അനുകരിക്കാനും ശ്രമിക്കുന്നതായി കാണാം. അവർ ധരിക്കുന്ന വസ്ത്രങ്ങൾ പിന്നീട് ട്രൻഡായി മാറാനുള്ള സാധ്യകളും ഏറെയാണത്രേ. ഇന്നത്തെ യുവതലമുറ ഷോർട്ട്കന്റുകൾക്കും, മിനിമലും സ്റ്റൈൽ ഇൻസ്പിറേഷനും എന്നാൽ യൂണിക്കായലുക്കിനുമാണ് കൂടുതലും ആളു കൾ ആകർഷിക്കുന്നതും പിന്തുടരാൻ ശ്രമിക്കുന്നതുമായ ഫാഷനുകൾ എന്നിങ്ങനുള്ള അഭിപ്രായമാണുള്ളത്. ഈ മാറ്റങ്ങൾ
പിന്നീട് ബ്രാൻഡുകൾ അവരുടെ നേട്ടങ്ങൾക്കായി പരസ്യരീതികളിലും മാറ്റങ്ങൾ വരുത്തിയതായും നമ്മുക്ക് കാണാൻ കഴിയുമത്രേ. മുമ്പ് ഫോട്ടോഷൂട്ടുകളിൽ ജീവനുള്ള മോഡലുകളെയാണ് ഉപയോഗിച്ചിരുന്നുവെങ്കിൽ, ഇപ്പോൾ അവ ഡിജിറ്റൽ മോഡലുകൾക്കും വെർച്വൽ ഇൻഫ്ളുവൻസർമാരെയും വച്ച് മാർക്കറ്റ്ചെയ്യുന്നതും കണ്ടുവരുന്നുണ്ട്. ഇങ്ങനെ പ്രിന്റുകളിൽ നിന്ന് എഐ ഡിജിറ്റൽ മാർക്കറ്റിങ്ങിലേക്ക് മാറുകയും ഇന്നത്തെ ഫാഷൻ ലോകം പൂർണ്ണമായും മാറിരിക്കുകയാണെന്നും പഠനങ്ങൾ പറയുന്നു.



## എന്താണ് ഡിജിറ്റൽ ഫാഷൻ

പണ്ട് പരസ്യങ്ങളിലും മാഗസിനുകളിലും മോഡലുകൾ ധരിക്കുന്ന വസ്ത്രങ്ങളും ആക്സസറികളിലും
നമ്മൾ ശ്രദ്ധിക്കാറുണ്ട്, അതുപ്പോലെ തന്നെ അത് നമ്മളെ സ്വാധീനിക്കാറുമുണ്ട്. ഇപ്പോൾ നമ്മൾ ഏറ്റവും കൂടുതൽ കാണുന്നത് എഐ നിർമ്മിത വീഡിയോസുകളും ചിത്രങ്ങളുമാണ്. കാൽ ജീവനുള്ള മനുഷ്യരെപ്പോലെ തോന്നിപ്പിക്കുന്നതു വിശ്വസിപ്പിക്കുന്നതുമായ കണ്ടന്റുകളാണ് എഐ നിർമ്മിക്കുന്നത്. ഫാഷൻ രംഗത്തും ഇപ്പോൾ എഐ കൈകേറിരിക്കുകയാണ്. 3ഡി സോഫ്റ്റ്വെയറുകളിലും എഐയിലും നിർമിച്ച വെർച്വൽ വസ്ത്രങ്ങളെയും ആക്സസറികളെയു മാണ് ഡിജിറ്റൽ ഫാഷൻ എന്നു പറയുന്നത്. പൂർണ്ണമായും കമ്പ്യൂട്ടറിലും 3ഡി സോഫ്റ്റ്വെയറുകളിലും സൃഷ്ടിക്കപ്പെടുന്ന വസ്ത്രങ്ങളാണവ. സ്ക്രീനിലോ ഫോണുകളിലോ നിന്ന് ഡിജിറ്റൽ രൂപങ്ങൾ നിർമ്മിക്കുകയും യഥാർത്ഥത്തിൽ ജീവനുള്ള വസ്തുവിനെ പോലെ തോന്നിക്കുന്ന വിധത്തിൽ മോഡലുകളും വസ്ത്രങ്ങളും മറ്റു ആഭരണങ്ങളും നൽകുകയു ം ചെയ്യുന്നു. ഇത് ഭൗതിക വസ്ത്രങ്ങളുടെ സാമ്പിളുകൾ തയ്യാറാക്കേ ആവശ്യം കുറയ്ക്കുകയും, അതുപ്പോലെ തന്നെ ചെലവ് കുറയ്ക്കാനുമുള്ള ഒരു മാർഗ്ഗമായിട്ടാണ് ഇത് കണക്കാക്കുന്നതെന്നും പല ഡിസൈനേർസുകളും പറയുന്നുണ്ട്. എഐ മോഡലുകൾ ധരിക്കുന്ന വസ്ത്രങ്ങളെയാണ് 3ഡി ഗാർമെറ്റ്സ് ക്ലോത്തിംഗ് എന്ന് പറയുന്നത്, അവ യാഥാർത്ഥ്യങ്ങളോട് സമാനമായി ഡിസൈൻ ചെയ്യുന്ന വസ്ത്രങ്ങളാണ്. വസ്ത്രങ്ങൾ ഡിജിറ്റലായി സൃഷ്ടിക്കാൻ സിഎൽഓ 3ഡി, ബ്രൗസ്വെയർ എന്നീ പ്രത്യേക സോഫ്റ്റ്വെയറുകളാണ് ഡിസൈനേർസ് ഉപയോഗിക്കുന്നത്. മോഡലുകൾക്കും, ഫോട്ടോഷൂട്ടുകൾക്കും, ലൊക്കേഷനുകൾക്കും എന്തിനു വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനുവേിയുള്ള തുണികൾക്കുപ്പോലും ചെലവിടേതില്ല എന്നതാണ് ഡിജിറ്റൽ ഫാഷന്റെ ഏറ്റവും വലിയ ഉപകാരം എന്ന് പറയുന്നത്. ഒരു ഡിസൈനർക്കു തന്റെ സങ്കൽപ്പങ്ങൾക്കനുസരിച്ച വസ്ത്രങ്ങൾക്കു രൂപം നൽകാനും, നിർമ്മിത മോഡലുകളിൽ പരീക്ഷിച്ചു നോക്കാനും നിമിഷങ്ങൾക്കുള്ളിൽ മാറ്റിയും നവീകരിച്ചും, മനുഷ്യർക്കു അനുയോജ്യമായ രീതിയിൽ നിർമ്മിക്കാൻ ഡിസൈനർക്കു അനുയോജ്യമായ ഒരു പ്ലാറ്റ്ഫോമാണത്രേ ഡിജിറ്റൽ ഫാഷൻ .

## വെർച്വൽ ഇൻഫ്ളുവൻസേർസും മോഡലുകളും

ഡിജിറ്റൽ ഫാഷന്റെ വളർച്ചയോടെ ഡിജിറ്റൽ മോഡലുകളും വെർച്വൽ ഇൻഫ്ളുവൻസർമാരും ഇന്ന് ഫാഷൻ രംഗത്ത് മുന്നിൽ നിൽക്കുകയാണ്. പലരും മോഡലുകൾ ധരിക്കുന്ന വസ്ത്രങ്ങൾ കണ്ട് ഇഷ്ടപ്പെടുകയും വാങ്ങുകയുമാണ് പതിവ്. അതിൽ നമ്മൽ ഇഷ്ടപ്പെടുന്ന നടീനടൻമാരിലും പല ബ്രാൻഡുകളുടെ മോഡലിങ്ങിലും സ്വാധീനിക്കപ്പെടാറുണ്ട്. എന്നാൽ നിലവിലെ മിക്ക പ്രമുഖ ബ്രാൻഡുകളും യഥാർത്ഥ ഫോട്ടോഷൂട്ടുകൾക്കും മോഡലുകൾക്കും പകരമായി എഐ നിർമ്മിത ഡിജിറ്റൽ മോഡലുകളെ കൊണ്ടു വരുന്നതും അത് ഒരു ട്രൻഡായി മാറിവരുന്ന ഒരു പ്രവണത വർധിച്ചു വരുന്നത് കാണാൻ കഴിയുന്നു. സാലാൻഡോ എന്ന യൂറോപ്യൻ ഓൺലൈൻ റീട്ടെയിലർ എഐ നിർമ്മിത ഡിജിറ്റൽ ട്വിൻസ് മോഡലുകളെ നിർമിക്കുകയും കാമ്പെയ്നുകൾ നടത്തുകയും ഫോട്ടോഷൂട്ടിന്റെയും പ്രൊഡക്ഷന്റെയും ചെലവ് 90% വരെ കുറയാൻ സഹായിച്ചുവെന്നും റിപ്പോർട്ടുകൾ പറയുന്നതും ഇതിന്റെ ഒരു ഉദാഹരണമാണ്. ഇതുപോലെ തന്നെ എച്ച് ആൻഡ് എം തങ്ങളുടെ മോഡലുകളുടെ എഐ വേർഷനുകൾ ഉപയോഗിച്ച് ഡിജിറ്റൽ കാമ്പെയ്നുകൾ നടത്തിയിരുന്നു. ലോകം മുഴുവനും ഈ ഒരു പ്രവണത ഏറ്റെടുത്തിരിക്കുകയാണ്. മിന്ത്രയുടെ വെർച്വൽ ഇൻഫ്ളുവൻസർ മായ സ്റ്റൈൽ ഗൈഡൻസുകൾ നൽകി യുവത്വങ്ങളെ നേരിട്ട് സ്വാധീനിക്കുന്ന ഒരു ഇൻഫ്ളുവൻസർ ആയി മാറി. ഷുടു ഗ്രാമ് ലോകത്തിലെ ആദ്യ സിജി ഐ സൂപ്പത്തകളും വന്നുവത്രേ. ഷുഡു ഗ്രാം ഒരു കമ്പ്യൂട്ടർ ജനറേറ്റഡ് സോഷ്യൽ മീഡിയ മോഡലാണ്. ഉദാഹരണങ്ങൾ നോക്കുപ്പോൾ ഇന്ന് ഫാഷൻ വ്യവസായം ഡിജിറ്റൽ മോഡലുകളെ ചെലവ് കുറഞ്ഞതും ബ്രാൻഡുകൾക്ക് നേട്ടങ്ങൾ നൽകുന്ന പുതിയ മാർക്കറ്റിംഗ് ആയുധമായിട്ടാണ് സ്വീകരിക്കുന്നത്.

## ഡിജിറ്റൽ ഫാഷനിലെ സാധ്യതകൾ

ഡിജിറ്റൽ ഫാഷനുകൾ ഡിസൈനർമാർക്ക് അനന്തമായ സാധ്യതകളാണ് തുറന്ന് കൊടുക്കുന്നത്. ഒരു ആശയം മനസ്സിൽ വരുന്നതു മുതൽ അതിനെ ദൃശ്യരൂപത്തിൽ കാണുന്നതിന് നിമിഷങ്ങൾ മാത്രം മതി. ഓരോ ഡിസൈനും ഭൗതികമായി നിർമിക്കാതെ തന്നെ ഡിജിറ്റൽ മോഡലുകളിൽ പരീക്ഷിക്കാം, ഫെബ്രിക് ടെക്സ്ചറുകളും ലൈറ്റിംഗം എല്ലാം യഥാർത്ഥം എന്ന പോലെ ചെയ്യാം. വലിയ ബ്രാൻഡുകൾ മാത്രമല്ല, ചെറു ഡിസൈനർമാർക്കും അവരുടെ സൃഷ്ടികളെ ആഗോളതലത്തിൽ പ്രദർശിപ്പിക്കാൻ ഇതൊരു വേദിയാണെന്നും, ഡിജിറ്റൽ ഫാഷൻ വളരുന്തോറും ഭാവിയിലെ ഫാഷൻ ഷോകളും ഷോപ്പിംഗ് അനുഭവങ്ങളും പൂർണ്ണമായും മാറുമെന്നും പറയുന്നു. വെർച്വൽ റൺവേ ഷോകൾ, മെറ്റാവേഴ്സ് ഫാഷൻ ഇവന്റുകൾ, എഐ പെഴ്സണൽ സ്റ്റൈലിസ്റ്റുകൾ എന്നിവയും ഇതിനകം തന്നെ വരാനും സാധ്യത ഏറെയാണ്. ഉപഭോക്താക്കളെ മനസ്സിലാക്കി, അവർക്ക് അനുയോജ്യമായ സ്റ്റൈലുകൾ നിർദ്ദേശിക്കുന്ന എഐ സംവിധാനങ്ങൾ ഡിസൈനർമാർക്ക് ജോലി ലളിതമാക്കാനും ഇത് സഹായിക്കുന്നു.



# 'സൗണ്ട്സ് ഓഫ് നെയ്ബർഹുഡ്': ചുവർച്ചിത്രങ്ങൾ നിറഞ്ഞ് തെരുവോരങ്ങൾ

**കൊച്ചി:** കൊച്ചിയിലെ എബിസി ആർട്ട് റൂം, വാട്ടർ മെട്രോ, ഫോർട്ട് കൊച്ചിയിലെ തെരുവോരങ്ങൾ എന്നിവിടങ്ങളിലായി സംഘടിപ്പിച്ച 'സൗ്സ് ഓഫ് നെയ്ബർഹുഡ്' എന്ന നാലു ദിവസത്തെ ചുവർചിത്ര പദ്ധതി സമാപിച്ചു. നാട്ടുകഥകളും സാംസ്കാരിക വൈവിധ്യങ്ങളും പ്രതിഫലിപ്പിച്ച ഈ കലാസൃഷ്ടി പൊതുയിടങ്ങളെ സംവേദനാത്മക ക്യാൻവാസുകളാക്കി മാറ്റുകയായിരുന്നു. നാട്ടുകാരിൽ നിന്നും ഇതിന് ലഭിച്ച പ്രതികരണം ആവേശകരമായിരുന്നുവെന്ന് കലാ പദ്ധതിക്ക് നേതൃത്വം നൽകിയ വിഷ്വൽ ആർട്ടിസ്റ്റ് ഹരിപ്രസാദ് ആർ പറഞ്ഞു. കുട്ടികൾ തന്നെ നേരിട്ട് ചുവരുകളിൽ ചിത്രം വരയ്ക്കുന്നതിനാൽ നാട്ടുകാർ വലിയ താൽപ്പര്യം കാണിച്ചു. പലരും സ്വന്തം വീടിന്റെ ചുവരുകൾ ചിത്രം വരയ്ക്കാനായി സ്വമേധയാ വിട്ടുനൽകുകയും ഭാവിയിലും ഇത്തരം പ്രവർത്തനങ്ങൾക്കായി കൂടുതൽ സ്ഥലങ്ങൾ കത്തെി നൽകാമെന്ന് അറിയിച്ചത് പദ്ധതിക്ക് ലഭിച്ച വലിയ അംഗീകാരമാണെന്ന് അദ്ദേഹം പറഞ്ഞു. മലപ്പുറം പോലുള്ള സ്ഥലങ്ങളിൽ നിന്നെത്തിയ വിദ്യാർത്ഥികൾ നാട്ടുകാരുമായി അടുത്ത ബന്ധം സ്ഥാപിച്ചത് കൗതുകമായി.

കുട്ടികൾ നാട്ടുകാരുമായി സംസാരിച്ച് അവരുടെ ജീവിതരീതികൾ മനസ്സിലാക്കുകയും അയൽവീടുകളുടെ മുറിക്കുള്ളിലെ കാഴ്ചകൾ പോലും തങ്ങളുടെ ചിത്രങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു. ആരുടെയെങ്കിലും ചിത്രം വരയ്ക്കുന്നതിന് മുൻപ് അവരോട് അനുവാദം ചോദിക്കണമെന്ന് താൻ നൽകിയ നിർദ്ദേശം കുട്ടികൾ കൃത്യമായി പാലിച്ചതായും ഹരിപ്രസാദ് ചൂിക്കാട്ടി.

ബിനാലെയിലെ എബിസി പദ്ധതിയുടെ പ്രാധാന്യം വളരെ വലുതാണെന്നും കലാപരമായി സമൂഹവുമായി നേരിട്ട് സംവദിക്കുന്ന തികച്ചും വ്യത്യസ്തമായ രീതിയാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# 71,585 കോടി രൂപയുടെ റെക്കോർഡ് വരുമാനവുമായി ലുലു റീട്ടെയ്ൽ

**അബുദാബി :** 2025ലെ സാമ്പത്തിക വർഷത്തിൽ 71,585 കോടി രൂപയുടെ റെക്കോർഡ് വരുമാനവുമായി ലുലു റീട്ടെയ്ൽ. 2025 സാമ്പത്തിക വർഷത്തിലെ രാം പകുതിയിൽ 887.58 കോടി രൂപയുടെ ലാഭവിഹിതം പ്രഖ്യാപിച്ചു. ഇതോടെ 2025ലെ നിക്ഷേപകർക്കുള്ള ആകെ ലാഭവിഹിതം 1785 കോടി രൂപയായി ഉയർന്നു. ഇതേ വർഷത്തെ അറ്റാദായം 1856 കോടി രൂപയായി ഉയർന്നു. വിപുലമായ വികസന പദ്ധതികളും ഇ കൊമേഴ്സ് രംഗത്തെ മികച്ച വളർച്ചയും നേട്ടത്തിന് കരുത്തേകി. മികച്ച വളർച്ചാനിരക്കാണ് ലുലു രേഖപ്പെടുത്തുന്നത്. 2025ൽ മാത്രം 20 പുതിയ സ്റ്റോറുകൾ ലുലു തുറന്നു.

2026 2028 വർഷത്തിൽ 50 പുതിയ സ്റ്റോറുകൾ കൂടി ലുലു തുറക്കും. വിപുലമായ വികസന പദ്ധതികളാണ് ലുലു നടപ്പാക്കുന്നതെന്നും നിക്ഷേപകർക്ക് ഏറ്റവും മികച്ച നേട്ടം നൽകുമെന്നും ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി വ്യക്തമാക്കി. സുസ്ഥിരമായ വളർച്ചയിലൂടെ ദീർഘകാലാടിസ്ഥാനമാക്കിയുള്ള നയങ്ങളാണ് ലുലു നടപ്പാക്കുന്നതെന്നും അദേഹം കൂട്ടിച്ചേർത്തു. ഇ കൊമേഴ്സ് പ്രൈ പവറ്റ് ലേബൽ വളർച്ച നേട്ടത്തിന് കരുത്തേകി :

ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ നല്ല വളർച്ചയാണ് ലുലു രേഖപ്പെടുത്തിയത്. ഇ കൊമേഴ്സ് വിൽപ്പനയിൽ മാത്രം 38.6 ശതമാനം അധിക വളർച്ചയോടെ ആകെ 51.8 ശതമാനത്തിന് അധിക വളർച്ച നേടി. 7.3 ശതമാനം അധിക ഓൺലൈൻ ഉപഭോക്താക്കളുടെ സാന്നിദ്ധ്യം പ്രകടമായി. 29.8 ശതമാനത്തിന്റെ വളർച്ച പ്രൈവറ്റ് ലേബൽ രേഖപ്പെടുത്തി.ലുലുവിന്റെ ഹാപ്പിനെസ് ലോയൽറ്റി മെമ്പർഷിപ്പിച്ചിൽ അംഗങ്ങളാകുന്ന ഉപഭോക്താക്കളുടെ എണ്ണത്തിൽ മികച്ച വർധനവ്. 8.4 മില്യൺ പേർ ലോയൽറ്റി പ്രോഗ്രാം അംഗങ്ങളാണ്.

# ട്രേഡക്സ് കേരള 2026; അന്താരാഷ്ട്ര ബയർ സെല്ലർ മീറ്റ് നാളെ മുതൽ കൊച്ചിയിൽ




**കൊച്ചി:** സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട സംരംഭക മേഖലയിലെ (എംഎസ്എംഇ) ഉത്പന്നങ്ങൾക്ക് ആഗോള വിപണിപ്രവേശം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ബയർ സെല്ലർ മീറ്റ് 'ട്രേഡക്സ് കേരള 2026' ഈ മാസം 17,18 തീയതികളിൽ കൊച്ചിയിൽ നടക്കും. രു ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇരുപതിലധികം രാജ്യങ്ങളിൽ നിന്നായി മുപ്പതിലധികം ബയേർസ് ട്രേഡക്സിൽ എത്തും. കേരളത്തിലെ നാന്നൂറോളം സൂക്ഷ്മ, ചെറു കിട ഇടത്തരം സംരംഭകർ അവരുടെ വ്യത്യസ്ത ഉത്പ്പന്നങ്ങൾ പ്രദർശിപ്പിക്കും. ചെറുകിട സംരംഭകർക്ക് ആഗോള വിപണി സാധ്യതകൾ തുറന്നിടുന്ന രീതിയിൽ ഇത്തരമൊരു സമ്മേളനം ആദ്യമായാണ് വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്നത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷന്റെയും സംയുക്താഭിമുഖ്യത്തിലാണ് ട്രേഡക്സ് കേരള 2026 നടക്കുക.

കേരളത്തിലെ തനത് ഭഷ്യ കാർഷിക ഉത്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, തേയില, കാപ്പി, ഹോം ഫർണിഷിംഗ് ആൻഡ് ഇന്റീരിയർ, കയർ, കൈത്തറി, ടെക്സ്റ്റൈൽസ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, റബ്ബർ, പിവിസി എന്നീ ഉത്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ആഗോള വിപണിയിലേക്ക് എത്തിക്കുന്നതിനുള്ള അവസരമൊരുക്കുകയാ ണ് സംഗമത്തിലൂടെ ലക്ഷ്യമിടുന്നത്. കൊച്ചി ലെ മെറഡിയൻ ഹോട്ടലിൽ സംഘടിപ്പിക്കുന്ന ട്രേഡക്സ് കേരള 2026 മീറ്റ് വ്യവസായ, കയർ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. കെ ബാബു എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഹൈബി ഈഡൻ എംപി, മരട് മുനിസിപ്പാലിറ്റി ചെയർപേഴ്സൺ അജിത നന്ദകുമാർ എന്നിവർ മുഖ്യാതിഥികളാകും. വ്യവസായ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് മുഖ്യപ്രഭാഷണം നടത്തും. വ്യവസായ വാണിജ്യ ഡയറക്ടർ പി വിഷ്ണു രാജ് ഐഎഎസ്, കസ്റ്റംസ് കമ്മീഷണർ ഗുർകരൺ സിംഗ് ബെയിൻസ്, എംഎസ്എംഇ ജോയിന്റ് സെക്രട്ടറി കേശവേന്ദ്ര കുമാർ ഐഎഎസ്, വിദേശ വാണിജ്യ വിഭാഗം അഡിഷണൽ ഡയറക്ടർ ജനറൽ ഡി. ശ്രീധർ ഐടിഎസ്, ജില്ലാ കളക്ടർ പ്രി യങ്കജി ഐഎഎസ്, കയർ വികസന ഡയറക്ടർ ആനി ജുല തോമസ് ഐഎഎസ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ റീജണൽ ചെയർമാൻ പി ഗോപാലകൃഷ്ണൻ എന്നിവർ പങ്കെടുക്കും.കേരള ബ്രാൻഡ് (നന്മ) പദ്ധതിയുടെ ഭാഗമായാണ് ട്രേഡക്സ് കേരള 2026 ഒരുങ്ങുന്നത്. സംസ്ഥാനത്തിന്റെ തനത് ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ഗുണമേന്മയുടെയും ധാർമികതയുടെയും സുസ്ഥിരതയുടെയും അംഗീകാരം നൽകുന്ന കേരള ബ്രാൻഡിലൂടെ ഉത്പാദകർക്ക് ആഗോള വിപണിയിൽ കൂടുതൽ അവസരങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് ആഗോള സംഗമം നടത്തുന്നത്. വനിതാ സംരംഭകർക്കടക്കം വിദേശ വ്യാപാരികളുമായി നേരിട്ട് ചർച്ച നടത്താമെന്നതാണ് ട്രേഡക്സ് കേരള 2026ന്റെ പ്രത്യേകത. പരിപാടിയുടെ ഭാഗമായി ബിസിനസ് ടു ബിസിനസ് സംബന്ധിച്ച വ്യക്തിഗത മാർഗനിർദേശങ്ങൾക്കു പുറമെ ഉൽപന്നങ്ങളുടെ ബ്രാൻഡിംഗ്, പാക്കേജിങ്, കയറ്റുമതി നിലവാരം, ഡോക്യുമെന്റേഷൻ തുടങ്ങിയവ ഉറപ്പു വരുത്തുന്നതിന് ടെക്നിക്കൽസർവ്വീസ് പ്രൊവൈഡേർസിന്റെ സേവനവും ഒരുക്കിയിട്ടുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com